(ഡി) 'സി' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

121 (1087) സർക്കാർ ഉടമസ്ഥതയിലുള്ള കൃഷി ഫാമുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ എത്ര കൃഷിഫാമുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയെല്ലാം കൂടി എത്ര ഹെക്ടർ സ്ഥലം വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഫാമുകളിൽ ഏതെല്ലാം കൃഷികളാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ കീഴിൽ 61 ഫാമുകൾ നിലവിലുണ്ട്. ഇതുകൂടാതെ ട്രൈബൽ വകുപ്പിന്റെ മേൽനോട്ടത്തിലും കാർഷിക സർവ്വകലാശാല, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവയുടെ കീഴിലും ഫാമുകൾ പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞവ കൂടാതെ കേന്ദ്ര ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ എന്നീ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലും ഫാമുകൾ നിലവിലുണ്ട്.

(ബി) കൃഷിവകുപ്പിന്റെ കീഴിലെ ഫാമുകൾക്കെല്ലാം കൂടി 2058 ഹെക്ടർ വിസ്തൃതിയുണ്ട്.

(സി) കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ പ്രധാനമായും വിത്തുല്പാദനമാണ് നടന്നുവരുന്നത്. നെല്ല്, പച്ചക്കറി എന്നിവയുടെ വിത്തുകളും, തെങ്ങ്, കവുങ്ങ്, നാണ്യവിളകൾ, ഫലവൃക്ഷങ്ങൾ, സുഗന്ധവിളകൾ, കിഴങ്ങു വർഗ്ഗങ്ങൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

122 (1088) ഫാം തൊഴിലാളികളുടെ ശമ്പളപരിഷ്കരണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാം തൊഴിലാളികൾക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്നു വ്യക്തമാക്കുമോ;

(ബി) ഫാം തൊഴിലാളികൾക്ക് എത്ര ഗഡു ക്ഷാമബത്ത നൽകാനുണ്ട്; ഇത് എന്ന് നൽകുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം പഠിച്ച് ശുപാർശകൾ സമർപ്പിക്കുവാനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സത്വരമായി പരിശോധിച്ചുവരുന്നു. കഴിയുംവേഗം നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

(ബി) ഫാം തൊഴിലാളികൾക്ക് ജീവിതനിലവാര സൂചിക അനുസരിച്ച് വേര്യബിൾ ഡി.എ. ആണ് നൽകിവരുന്നത്. ആയതിനാൽ ഡി.എ. ഇനത്തിൽ കുടിശ്ശിക ഒന്നുംതന്നെ നൽകുവാനില്ല.

123 (1089) സീഡ് ഫാം വികസിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാം സംരക്ഷിക്കണമെന്ന ആവശ്യം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സീഡ് ഫാമിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യവ്യക്തിയുടെ 15 ഏക്കർ സ്ഥലം കൂടി ഏറ്റെടുത്ത് സീഡ് ഫാം വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാമിന്റെ നടുവിലായുള്ള സ്വകാര്യഭൂമി മണ്ണിട്ടു നികത്തി ഫാമിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനെതിരെ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫാമിന്റെ വികസനത്തിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പരിശോധിച്ചുവരുന്നു.

124(1090) കൃഷി മേഖലയിലെ ഊർജ്ജിത യന്ത്രവൽക്കരണ നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിമേഖലയിൽ ഊർജ്ജിത യന്ത്രവൽക്കരണ നടപടിയുടെ ഭാഗമായി എന്തൊക്കെ യന്ത്രങ്ങളാണ് വിതരണം ചെയ്യുന്നത്;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര പവർ ടില്ലറുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly